## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2480 | 01.04.2013-ൽ മറുപടിയ്ക്ക്

### കുഴൽക്കിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.പി..വിൻസെന്റ്<br>ശ്രീ. പി.എ. മാധവൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ പ്രവർത്തനരഹിതമായ കുഴൽക്കിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിനും പുതിയ കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനും പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ആരംഭിച്ചിട്ടുണ്ട്. ഇതിനായി 13 കോടി രൂപ അനുവദിക്കുന്നതിന് മന്ത്രിസഭ തീരുമാനമെടുക്കുകയും ഇതിൽ 9 കോടി രൂപ ഭൂജല വകുപ്പിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് എം.പി. എം.എൽ.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിച്ച് കൈപമ്പ് ഘടിപ്പിക്കുക, കുഴൽ കിണർ കുഴിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുക. കുഴൽ കിണറിൽ ഘടിപ്പിച്ചിരിക്കുന്ന കൈപമ്പ് റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുക മുതലായവ നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഉദ്ദേശം 7 കോടി രൂപയുടെ ടെക്നിക്കൽ അനുമതി വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്കും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട് |
| ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് ജല ലഭ്യത കൂടുതൽ ഉള്ള മേഖലകളിൽ ചെറുകിട കുടിവെള്ള പദ്ധതികളും, ജല ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ കുഴൽ കിണറുകളിൽ ഹാൻഡ് പമ്പ് ഘടിപ്പിച്ച് കുടിവെള്ളം ലഭ്യമാക്കുകയും, കേടായ കുഴൽ കിണറുകളിൽ ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. |

| | |
|---|---|
| സി) പ്രസ്തുത പദ്ധതിയിലൂടെ കുടിവെള്ള ക്ഷാമം എത്ര മാത്രം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്ന തെന്നറിയിക്കുമോ; | സി) ചെറുകിട കുടിവെള്ളം പദ്ധതിയിലൂടെ 50 കുടുംബങ്ങൾക്കും (ഒരു പദ്ധതി) കുഴൽ കിണറുകൾ കുഴിച്ച് ഹാൻഡ് പമ്പുകൾ ഘടിപ്പിച്ച് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി പ്രകാരം 10 കുടുംബങ്ങൾക്കും (ഒരു പദ്ധതി) ഒരു പരിധി വരെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) ഏതെല്ലാം ഏജൻസികളുടെ സഹായ ത്തോടെയാണ് പ്രസ്തുത പദ്ധതി നട പ്പാക്കുന്നതെന്നുള്ള വിശദാംശങ്ങൾ നൽകുമോ? | ഡി) സംസ്ഥാന ഭൂജല വകുപ്പുതന്നെയാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ